"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനികക്ഷേമ വകുപ്പ് - വിമുക്തഭടന്മാരുടെ പുനരധിവാസത്തിനും മറ്റുമുള്ള സ്പെഷ്യൽ സർവ്വീസ് ഫണ്ടിലേയ്ക്ക് അംശദാനം ശീർഷകത്തിൽ 2025-2026 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കാൻ ബാക്കിയുള്ള 50% തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.17/2026/SWD തീയതി,തിരുവനന്തപുരം, 02-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 35/2025/SWD തീയതി, 15.07.2025.
2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ഇൻ-ചാർജ്ജിന്റെ 17.10.2025-ലെ DSW/206/2025-D1 നമ്പർ കത്ത്.

**ഉത്തരവ്**

2025-2026 സാമ്പത്തിക വർഷം "2235-60-200-96 വിമുക്തഭടന്മാരുടെ പുനരധിവാസത്തിനും മറ്റുമുള്ള സ്പെഷ്യൽ സർവ്വീസ് ഫണ്ടിലേയ്ക്ക് അംശദാനം" ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 31,50,000/- രൂപയുടെ 50% തുക ആയ 15,75,000/- രൂപ അമാൽഗമേറ്റഡ് ഫണ്ടിന്റെ കോർപ്പസിലേയ്ക്ക് റിലീസ് ചെയ്യുന്നതിന് പരാമർശം 1 പ്രകാരം അനുമതി നൽകിയിരുന്നു.

പരാമർശം 2 പ്രകാരം പ്രസ്തുത ശീർഷകത്തിൽ ബാക്കി അനുവദിക്കുവാനുള്ള തുക അമാൽഗമേറ്റഡ് ഫണ്ടിലേയ്ക്ക് അനുവദിച്ചുനൽകണമെന്ന് സൈനിക ക്ഷേമ ഡയറക്ടർ ഇൻ-ചാർജ്ജ് & സെക്രട്ടറി, അമാൽഗമേറ്റഡ് ഫണ്ട് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷം "2235-60-200-96 വിമുക്തഭടന്മാരുടെ പുനരധിവാസത്തിനും മറ്റുമുള്ള സ്പെഷ്യൽ സർവ്വീസ് ഫണ്ടിലേയ്ക്ക് അംശദാനം" ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 31,50,000/- രൂപയിൽ ബാക്കി അനുവദിക്കാനുള്ള 50% തുകയായ 15,75,000/- രൂപ (പതിനഞ്ച് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) അമാൽഗമേറ്റഡ് ഫണ്ടിന്റെ കോർപ്പസിലേയ്ക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം തുക പിൻവലിച്ച് അമാൽഗമേറ്റഡ് ഫണ്ടിലേയ്ക്ക് റിലീസ് ചെയ്യുന്നതിനുള്ള നടപടി സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് റിയാസ്

അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

1. ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
5. ട്രഷറി ആഫീസർ, സബ് ട്രഷറി, വികാസ് ഭവൻ, തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ് (28.01.2026-ലെ 3365264/EXP-D4/72/2024-FIN-Part(1) പ്രകാരം).
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Shailakumari, M
Date: 02-02-2026 11:03:07

സെക്ഷൻ ഓഫീസർ